ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

66(272) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് ചാരുംമൂട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് യാഥാർത്ഥ്യമാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ചാരുംമൂട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു

തൃക്കരിപ്പൂരിൽ തീരദേശ പോലീസ് സ്റ്റേഷൻ

67 (273) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് തീരദേശ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും എപ്പോൾ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് തീരദേശ പോലീസ് സ്റ്റേഷൻ, കോസ്റ്റൽ സെക്യൂരിറ്റി സ്കീമിന്റെ രണ്ടാം ഘട്ടത്തിൽ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തീരദേശ പോലീസ് സ്റ്റേഷനുകൾ

68(274) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) സംസ്ഥാനത്ത് ഇനിയും ഇത്തരത്തിൽ എത്ര പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിക്കുവാനാണ് നടപടി സ്വീകരിച്ചുവരുന്നത് ;

(സി) നിലവിലുള്ള ഓരോ തീരദേശ പോലീസ് സ്റ്റേഷനിലും ഓരോ തസ്തികകളിലായി എത്ര ഉദ്യോഗസ്ഥരാണുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആദ്യഘട്ടത്തിൽ എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) രണ്ടാംഘട്ടത്തിൽ പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

തീരദേശ പോലീസ് സ്റ്റേഷനുകളിലെ സംവിധാനങ്ങൾ

69(275) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തീരദേശ പോലീസ് സ്റ്റേഷനുകളാണ് ഈ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത് ;

(ബി) തീരദേശ പോലീസ് സ്റ്റേഷനുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(സി) അനുവദിക്കപ്പെട്ട പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ എത്രയെണ്ണം ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ഡി) കണ്ണൂർ ജില്ലയിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ആദ്യഘട്ടമായി എട്ടും രണ്ടാംഘട്ടമായി പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) തീരദേശ പോലീസ് സ്റ്റേഷനുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സേനാബലം, ഹൈസ്പീഡ് ഇൻർസെപ്റ്റർ ബോട്ടുകൾ, കമ്പ്യൂട്ടർ മുതലായ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പ്രവർത്തനം ആരംഭിച്ച എല്ലാ പോലീസ് സ്റ്റേഷനുകളിലും തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് 1093 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്.

(സി) 6 എണ്ണം.

(ഡി) കണ്ണൂർ ജില്ലയിൽ ആദ്യഘട്ടത്തിൽ അഴീക്കലും, രണ്ടാം ഘട്ടത്തിൽ തലശ്ശേരിയിലുമാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുള്ളത്. ടി രണ്ടു തീരദേശ പോലീസ് സ്റ്റേഷനുകളുടെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly